പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T. 530 | 24.10.2011-ൽ മറുപടിക്ക്

## ആരോഗ്യരംഗത്ത് ആശാവർക്കർമാരുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി.കെ.നാണു :<br>ശ്രീ. മാത്യു റ്റി.തോമസ് :<br>ശ്രീമതി ജമീലാ പ്രകാശം : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുമായി ബന്ധപ്പെട്ട് എത്ര ആശാവർക്കർമാരാണ് പ്രവർത്തിക്കുന്നത് ; | (എ) 27,435 |
| (ബി) അവർ എന്നുമുതൽ ഏതു പദ്ധതി പ്രകാരമാണ് നിയോഗിക്കപ്പെട്ടത് ; | (ബി) 2007 മുതൽ ആശാപദ്ധതി പ്രകാരമാണ് നിയോഗിക്കപ്പെട്ടത്. |
| (സി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (സി) കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക്ആരോഗ്യസേവനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ അവരെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാ പ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്തം.<br>ആശാ പ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.<br>• സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക<br>• ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക<br><br>ഗർഭകാലശുശ്രൂഷ, ടി-ടി, അയൺ ഗുളികകൾ എന്നിവ ലഭ്യമാക്കുക, ജനനീ സുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യമാക്കുക |

[illegible]

- പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക
- പകർച്ചവ്യാധി നിയന്ത്രണം, കൊതുക നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കു വഹിക്കുക
- നവജാതശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്, ക്ഷയരോഗമരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

| | |
|---|---|
| (ഡി) ആതുര സേവനത്തിൽ ആത്മാർത്ഥതയോടെ ഇടപെട്ടുകൊണ്ടിരിക്കുന്ന ആശാവർക്കർമാർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; <br><br> (ഇ) എങ്കിൽ അവയ്ക്ക് പരിഹാരം കാണാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | <u>(ഡി) & (ഇ) :</u> <br><br> ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് പരിഹാരനടപടികളക്കുറിച്ച് ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ